AUG 31 & SEPT 15, 2022, Vol. XXXIV No.16 & 17 ₹70
(Combined issue: Aug 15-31 & Sept 1-15), Publishing Date: 2nd Sept. 2022, RNI 44620/87, Registered No. KL/EKM/032/2021-23, Licence No. KL/CR/EKM/WPP-2/2021-23, Licensed to post without prepayment, Total 92 Pages

OXYGEN THE DIGITAL EXPERT
SAMI-SABINSA GROUP
Farmfed
VARMA HOMES
M.O.D

www.dhanamonline.com

DHANAM 34 YEARS OF EXCELLENCE

# ധനം
വ്യവസായ വാണിജ്യ ദ്വൈവാരിക

Onam Greetings


മന്ത്രി കെഎൻ ബാലഗോപാൽ
മന്ത്രി പിഎ മുഹമ്മദ് റിയാസ്

**Exclusive Interviews**

പൊറിഞ്ചുവിന്റെ ഓണം പോർട്ട് ഫോളിയോ

# ബിസിനസ് സൗഹൃദം എത്രമാത്രം, എങ്ങനെ മാറാം?


ഷിജോ കെ തോമസ്

## ഓക്സിജൻ റീറ്റെയ്ൽ രംഗത്ത് വ്യത്യസ്തരാകുന്നത് എങ്ങനെ?


രാജേഷ് ചന്ദ്രശേഖരൻ പിള്ള

ഫാംഫെഡ്
**ലക്ഷ്യം ദേശീയ ബ്രാൻഡ് പദവി**


ഡോ. മുഹമ്മദ് മജീദ്
**ആയുർവേദത്തിന്റെ തന്മാത്രകൾ തേടി ഒരു യാത്ര**



**തിളക്കം കൂട്ടുന്ന ബ്രാൻഡ് മുഖങ്ങൾ**

# ഡോ. മുഹമ്മദ് മജീദ്

# ആയുർവേദത്തിന്റെ തന്മാത്രകൾ തേടി ഒരു യാത്ര

**ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ രംഗത്ത് അമ്പരപ്പിക്കുന്ന കണ്ടുപിടുത്തങ്ങൾ കൊണ്ട് ബഹുരാഷ്ട്ര കമ്പനി കെട്ടിപ്പടുത്ത ഒരു കൊല്ലത്തുകാരന്റെ അസാധാരണ സംരംഭക യാത്ര**

ജേക്കബ് ജോർജ്





മഞ്ഞൾ. ഇത് കേൾക്കുമ്പോൾ തന്നെ ഉള്ളിൽ നിറയും മഞ്ഞനിറം. പ്രകൃത്യാ മഞ്ഞനിറമുള്ള മഞ്ഞളിനെ വെളുപ്പിച്ചാൽ എന്ത് സംഭവിക്കും? വെള്ളമഞ്ഞൾ സൃഷ്ടിക്കാൻ പറ്റുമോ? പറ്റും. അത് തെളിയിച്ച മലയാളിയാണ് ഡോ. മുഹമ്മദ് മജീദ്. ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ രംഗത്തെ ആഗോള ഹെൽത്ത് സയൻസ് കമ്പനിയായ സമി - സബിൻസ ഗ്രൂപ്പിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറും.

മഞ്ഞളിനെ വെളുപ്പിച്ചതിൽ മാത്രം ഒതുങ്ങുന്നില്ല മജീദിന്റെ വേറിട്ട ചിന്തകളുടെയും അതിന് പിന്നാലെ നടത്തുന്ന പരീക്ഷണ ഗവേഷണങ്ങളുടെയും കഥ. 380ലേറെ പേറ്റന്റുകൾ സ്വന്തമായുള്ള കമ്പനിയാണ് സമി-സബിൻസ. ഇപ്പോൾ 300 ലേറെ പേറ്റന്റുകൾക്കുള്ള ഗവേഷണ പരീക്ഷണങ്ങൾ പുരോഗമിക്കുന്നു. ഓരോ മലയാളിക്കും പരിചിതമായ മഞ്ഞൾ, തോട്ടപ്പുളി തുടങ്ങിയവയിൽ നിന്നും, ഭാരതീയ ആയുർവേദത്തിന്റെ രോഗചികിത്സയ്ക്കും ശാരീരിക സ്വാസ്ഥ്യത്തിനും ഉപയോഗിക്കുന്ന സസ്യങ്ങളിൽ നിന്നുമെല്ലാം ഫലസിദ്ധിക്ക് തെളിവുകളുള്ള ഉൽപ്പന്നങ്ങളാണ് ഡോ. മുഹമ്മദ് മജീദ് ലോക വിപണിയിലെത്തിച്ചത്.

കേരളത്തിൽ പഠിച്ച് അമേരിക്കയിൽ ഉന്നതവിദ്യാഭ്യാസവും ഗവേഷണങ്ങളും നടത്തി അവിടെ സംരംഭം കെട്ടിപ്പടുത്ത് ലോകമെമ്പാടും വളർന്ന് തിരികെ ഭാരതത്തിലേക്ക് കടന്നുവന്ന് ആഗോള കമ്പനി കെട്ടിപ്പടുത്തുകൊണ്ട് വേറിട്ടൊരു യാത്രയാണ് ഡോ. മുഹമ്മദ് മജീദ് നടത്തിക്കൊണ്ടിരിക്കുന്നത്.

## രാസകണികകളുടെ രഹസ്യം തേടി

തിരുവനന്തപുരം മെഡിക്കൽ കോളെജിൽ നിന്ന് ബിഫാം ബിരുദം നേടിക്കൊണ്ടാണ് ഡോ. മുഹമ്മദ് മജീദ് തന്റെ സഞ്ചാരം തുടങ്ങുന്നത്. മോഡേൺ മെഡിസിനിലെ മരുന്നുകളുടെയും രാസക്കൂട്ടുകളുടെയും രഹസ്യം അനാവരണം ചെയ്യുന്ന ഫാർമസി പഠനം അദ്ദേഹത്തിന്റെ ജീവിതത്തിലെ നിർണായക വഴിത്തിരിവായിരുന്നു. ബിരുദം നേടി പിറ്റേവർഷം തന്നെ അമേരിക്കയിലേക്ക് പോയി. അവിടെ ഫാർമസിയിൽ ഉന്നതപഠനവും ഗവേഷണവും. പിന്നെ ഫൈസർ, കാർട്ടർ-വാലസ് തുടങ്ങിയ ലോകോത്തര കമ്പനികൾക്കൊപ്പം ചേർന്ന് പ്രവൃത്തിപരിചയവും നേടി. പനി മുതൽ അർബുദം വരെ ചികിത്സിച്ച് ഭേദമാക്കുന്ന വിവിധ രാസവസ്തുക്കളുടെ കൂട്ടുകളുടെ ലോകം അപ്പോഴേക്കും ഡോ. മുഹമ്മദ് മജീദിനെ ഭ്രമിപ്പിച്ചിരുന്നു. വിവിധ രാസവസ്തുക്കളുടെ ആറ്റങ്ങൾ ചേർന്നുണ്ടാകുന്ന തന്മാത്രകളാണ് ആധുനിക വൈദ്യശാസ്ത്രത്തിലെ മരുന്നുകളുടെ അടിസ്ഥാനഘടകം. ഈ രാസവസ്തുക്കളിൽ നിന്ന് പ്രകൃതി തന്നെ വരദാനമായി നൽകിയ ആയുർവേദത്തിലേക്ക് തിരിഞ്ഞാലോയെന്നായി പിന്നീട് അദ്ദേഹത്തിന്റെ ചിന്ത.



OXYGEN THE DIGITAL EXPERT · SAMI-SABINSA GROUP · Farmfed · VARMA HOMES · M.O.D

നാട്ടിലും കാട്ടിലുമെല്ലാം കാണുന്ന ചെടികളും അതിന്റെ വേരും ഇലയും കായും പൂവുമെല്ലാം അരച്ചും ഉണക്കി പ്പൊടിച്ചും എല്ലാമാണ് ആയുർവേദ ഔഷധക്കൂട്ടുകൾ ഉണ്ടാക്കുന്നത്. 5000 ത്തിലേറെ വർഷം പഴക്കമുള്ള ഈ പരമ്പരാഗത വിധിക്കുള്ളിലും കാണില്ലേ, ഇതിന്റെയെല്ലാം ഫലസിദ്ധി ഉറഞ്ഞുകൂടിയിരിക്കുന്ന തന്മാത്രകൾ? ഈ അന്വേഷണമാണ് ഇന്നത്തെ സമി - സബിൻസ ഗ്രൂപ്പിന്റെ പിറവിക്കാധാരം.

## ആരോഗ്യപ്രശ്നങ്ങൾക്ക് പ്രകൃതിയിൽ നിന്നൊരു മറുപടി

അമേരിക്കൻ ജനതയെ ജീവിതശൈലി രോഗങ്ങൾ വേട്ടയാടിക്കൊണ്ടിരുന്ന കാലം. അമിതവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം എന്നിവ ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിച്ചുകൊണ്ടിരുന്നു. ഇതിനൊക്കെ പരിഹാരമായി 'ലുക്ക് ഗുഡ്, ഫീൽ ഗുഡ്' സിദ്ധാന്തം മുന്നോട്ട് വെച്ചുകൊണ്ട് ആയുർവേദക്കൂട്ടിൽ ഊന്നിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഡോ. മജീദ് അമേരിക്കക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഇന്ത്യൻ ശാസ്ത്രജ്ഞനായി. ആയുർവേദത്തിൽ നിന്ന് നീണ്ട ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ തന്മാത്രകൾ ചേർത്ത് പുതിയൊരു നിര ഉൽപ്പന്നങ്ങൾ അദ്ദേഹം ഒരുക്കിയെടുത്തു. ന്യൂട്രാസ്യൂട്ടിക്കൽസ് എന്ന പേരിൽ ആഗോളവിപണിയിൽ ഇവ സ്ഥാനമുറപ്പിക്കുകയും ചെയ്തു.

ഇന്ത്യക്കാർ ഉപരിപഠനത്തിനും ഉയർന്ന ജോലിക്കുമൊക്കെയായി ഇന്ത്യയിൽനിന്ന് വിദേശരാജ്യത്തേക്ക് പോവുകയാണ് പതിവെങ്കിൽ ഡോ. മുഹമ്മദ് മജീദ് നേരെ തിരിച്ചാണ് ചിന്തിച്ചത്. അമേരിക്കയിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി വലിയ ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ പരിശീലനം നേടി അമേരിക്കയിൽ ബിസിനസും തുടങ്ങി വേരുറപ്പിച്ച ഡോ. മജീദ് ഇന്ത്യയിലേക്ക് മടങ്ങി. തന്റെ വിജ്ഞാനത്തിന്റെയും അറിവിന്റെയും പരിചയത്തിന്റെയും വളർച്ചയ്ക്ക് ഇന്ത്യൻ മണ്ണ് തന്നെയാണ് യോജിച്ചതെന്ന് അദ്ദേഹം കണ്ടു.

1991ൽ മജീദ് ബെംഗളൂരുവിലെത്തി. ജാലഹാളിക്കടുത്ത് പീനിയ ഇൻഡസ്ട്രിയൽ ഏരിയയിൽ സ്ഥലം സ്വന്തമാക്കി. ഏഷ്യയിലെ ഏറ്റവും വലിയ വ്യവസായ സംരംഭക കേന്ദ്രം എന്ന പേരെടുത്ത സ്ഥലമാണ് പീനിയ. ലോകോത്തര നിലവാരത്തിലുള്ള ഒരു ഗവേഷണ കേന്ദ്രം അവിടെ ഉയർന്നു. ഉയർന്ന യോഗ്യതയുള്ള ഗവേഷകരെ നിയമിച്ചു. ബെംഗളൂരു നഗരത്തിന് സമീപം കുനിഗലിലും നെലമംഗലയിലും ദബാസ്പേട്ടിലും ഫാക്ടറികളും സ്ഥാപിച്ചു.

### സമി-സബിൻസ ഗ്രൂപ്പ്

**385** ലേറെ യുഎസ് പേറ്റന്റുകൾ സ്വന്തമായുള്ള കമ്പനി

**120** ലോകോത്തര ഗവേഷകർ അണിയറയിൽ പ്രവർത്തിക്കുന്നു

**20000** ഏക്കറിലേറെ കോൺട്രാക്റ്റ് ഫാമിംഗ്

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി **7** അത്യാധുനിക ഫാക്ടറി സമുച്ചയങ്ങൾ

തേടിയെത്തിയിരിക്കുന്നത് **100** ലേറെ ദേശീയ-രാജ്യാന്തര പുരസ്കാരങ്ങൾ

**1200** കോടി രൂപയുടെ വാർഷിക വിറ്റുവരവ്

ഫലസിദ്ധി അപാരമാണെങ്കിലും ആയുർവേദ മരുന്നുകളിൽ ലോഹാംശങ്ങളുടെ സാന്നിധ്യമുള്ളത് വലിയൊരു പോരായ്മയായുണ്ട്. ഇക്കാര്യം വിദേശികൾക്ക് അത്ര സ്വീകാര്യവുമല്ല. ആധുനിക ശാസ്ത്രത്തെയും സാങ്കേതിക വിദ്യകളെയും കൂട്ടുപിടിച്ച് ഈ പോരായ്മയെ മറികടക്കാൻ തന്നെയായി ഡോ. മജീദിന്റെ ചിന്ത. ചെടികൾക്ക് ഔഷധ സിദ്ധിയുണ്ടെങ്കിൽ ആ സിദ്ധിയുള്ള ആക്ടീവ് മോണിക്യൂൾ അതിനുള്ളിൽ അടങ്ങിയിരിക്കും. ഈ പ്രധാന തന്മാത്രയെ വേർതിരിച്ചെടുത്ത് സവിശേഷ ചേരുവയാക്കിയാൽ ലോഹാംശത്തിന്റെ സാന്നിധ്യമില്ലാത്ത, എന്നാൽ ആയുർവേദത്തിന്റെ സിദ്ധിയുള്ള ഉൽപ്പന്നങ്ങൾ സൃഷ്ടിക്കാൻ കഴിയും. അതിനുള്ള ഗവേഷണ പരീക്ഷണങ്ങളിലേക്കാണ് പിന്നീട് ഡോ. മജീദ് കടന്നത്.

മഞ്ഞളിന്റെ തനി തന്മാത്ര വേർതിരിച്ചെടുത്ത് ഡോ. മുഹമ്മദ് മജീദ് ലോകത്ത് വലിയൊരു വിപ്ലവം തന്നെ സൃഷ്ടിച്ചു. മഞ്ഞളിന് പ്രാചീനമായി അവകാശപ്പെട്ട ഗുണങ്ങളെല്ലാം ക്രോഡീകരിച്ചു. മഞ്ഞളിന്റെ മോളിക്യൂളിന് മനുഷ്യശരീരത്തിൽ വേറെയും സ്വാധീനങ്ങളുണ്ടെന്ന് ഗവേഷണങ്ങളിൽ തെളിഞ്ഞു. മഞ്ഞളിന്റെ നാനാവിധ ഗുണഗണങ്ങളിലേക്കിറങ്ങിച്ചെന്ന ആഴത്തിലുള്ള ഗവേഷണങ്ങൾ. അമേരിക്കൻ പേറ്റന്റിലേക്കെത്തുന്നതുവരെ നീണ്ടു ഈ ഗവേഷണ പരമ്പര. മഞ്ഞളിന്റെ മഞ്ഞ നിറം തന്നെയാണ് അതിന്റെ യഥാർത്ഥ സത്ത എന്നദ്ദേഹം കണ്ടു. ആ മഞ്ഞ നിറം നീക്കിയാൽ മഞ്ഞൾ പിന്നെ എങ്ങനെയായിരിക്കുമെന്നായി അടുത്ത ചിന്ത. മഞ്ഞളിന്റെ മഞ്ഞ നിറം മാറ്റിയാൽ മഞ്ഞൾ മഞ്ഞയായി തന്നെ നിലനിൽക്കുമോ? ആ ഗവേഷകന്റെ മനസുണർന്നു. മനസിൽ ഉത്സാഹം വിടർന്നു. രാത്രി പകലാക്കി ഗവേഷണം തുടർന്നു.

അവസാനം അതാ മഞ്ഞ നിറമില്ലാത്ത മഞ്ഞൾ പരീക്ഷണശാലയിൽ. വെളുത്ത മഞ്ഞൾ. തൊലിപ്പുറത്തെ മിനുസത്തിനും തിളക്കത്തിനുമായി ഇന്ന് ലോകമെങ്ങും സൗന്ദര്യവർധക വസ്തുവായി ഉപയോഗിക്കുന്നുണ്ട് ഡോ. മജീദിന്റെ വെളുത്ത മഞ്ഞൾ.

## അറിവിന്റെ ആഴങ്ങളിലേക്ക്

ആഗോള ബിസിനസിൽ കരുത്തോടെ നിൽക്കണമെങ്കിൽ കൈയിൽ പേറ്റന്റ് വേണമെന്ന സത്യം ആദ്യമേ തന്നെ ഡോ. മജീദ് മനസിലാക്കി. ഭൂലോകത്ത് മറ്റാരും കണ്ടുപിടിച്ചിട്ടില്ലാത്ത വിജ്ഞാനം ശേഖരിക്കുക, അത് തെളിയിക്കാനുള്ള തെളിവുകൾ നിരത്തിവെക്കുക- അതി സങ്കീർണമാണ് പേറ്റന്റിലേക്കുള്ള വഴിയും. പ്രത്യേകിച്ച് അമേരിക്കൻ പേറ്റന്റിന്റെ കാര്യമാവുമ്പോൾ. അമേരിക്കയിലെ ന്യൂജെഴ്സിയിലാരംഭിച്ച സബിൻസാ കോർപ്പറേഷൻ ഡോ. മജീദ് ആഗോളപഠന കേന്ദ്രമാക്കി. പഠനം, ഗവേഷണം, അത് സംബന്ധിച്ച അനന്തര നടപടികൾ എന്നിവയ്ക്കായി മികച്ച ഗവേഷകരുടെ പിന്തുണയും ഉറപ്പാക്കി. ആഗോള ബിസിനസിന് ശക്തമായൊരു അടിത്തറയായി ന്യൂജെഴ്സി ഓഫീസ് മാറുകയായിരുന്നു. ലോക ബിസിനസിനുള്ള വലിയ കവാടം.

അമേരിക്കയിൽ തന്നെ Utah യിൽ ഒരു ഉൽപ്പാദന കേന്ദ്രവും തുടങ്ങി. ഗവേഷണഫലങ്ങൾ ഉൽപ്പന്നങ്ങളായി രൂപാന്തരപ്പെട്ടു. അതും അമേരിക്കയിലെ അതികഠിനമായ വ്യവസ്ഥകളുടെ വലയത്തിൽ. സബിൻസയുടെ ഉൽപ്പന്നങ്ങൾക്ക് പിന്നിൽ പേറ്റന്റുകളുടെ ബലമുണ്ട്. അമേരിക്കൻ ജനത സബിൻസയുടെ ഉൽപ്പന്നങ്ങൾ ഇരുകൈകൾ നീട്ടി വാങ്ങി. കിഴക്കിന്റെ ശാസ്ത്രത്തിന്റെ ഗുണഫലങ്ങളും അമേരിക്കക്കാർ ഈ ഉൽപ്പന്നങ്ങളിൽ കണ്ടു. സിട്രിൻ, കുർക്കുമിൻ സിദ കോംപ്ലക്സ്, ബോസ്വെലിൻ, ഫോഴ്സ്ലീൻ, ലാക്ടോസ്പോറിൻ, സെലിനോമെതിയോനിൻ, സെലിനിയം സെലക്ട്, മിഥൈൽ സെലിനോ സിസ്റ്റീൻ എന്നിങ്ങനെ സബിൻസയുടെ ഉൽപ്പന്നങ്ങളുടെ നിര നീണ്ടു. പിന്നെ ശ്രദ്ധ യൂറോപ്പിലേക്കായി. ജർമനിയിൽ ഓഫീസ് തുറന്നു. യൂറോപ്പിലേക്കുള്ള കവാടമായി ജർമനി. പിന്നെ ജപ്പാനിലേക്ക്. അടുത്ത കേന്ദ്രം ഓസ്ട്രേലിയ.

ഒപ്പം ബെംഗളൂരുവുലെ സമി ലാബ്സ് ലിമിറ്റഡ് എന്ന ഇന്ത്യൻ സ്ഥാപനം. അവിടെ മികച്ച ഗവേഷകരും ആധുനിക യന്ത്രോപകരണങ്ങളും. ലോകത്തെ തന്നെ ഏറ്റവും മികച്ച ഗവേഷണ കേന്ദ്രങ്ങളിലൊന്നായി സമി ലാബ്സ് വളരുകയായിരുന്നു. എല്ലാ പഠനങ്ങൾക്കും ഡോ. മജീദ് നേതൃത്വവും മാർഗനിർദേശവും നൽകിക്കൊണ്ടിരുന്നു. പ്രവർത്തനകേന്ദ്രം തന്നെ അദ്ദേഹം ബെംഗളൂരുവിലേക്ക് മാറ്റി. ഇടയ്ക്കിടയ്ക്ക് ന്യൂജേഴ്സിയിലേക്ക് യാത്ര. അവിടെ നിന്ന് ബിസിനസിന്റെ വഴികളറിയാൻ വിവിധ ലോകരാജ്യങ്ങളിലേക്ക്.

രണ്ടുവർഷം മുമ്പ് ന്യൂജേഴ്സിയിലെ സബിൻസാ കോർപ്പറേഷനും ബെംഗളൂരുവിലെ സമി ലാബ്സും സംയോജിപ്പിച്ച് സമി - സബിൻസ ഗ്രൂപ്പ് എന്ന ഒറ്റപേരിലാക്കി ഡോ. മജീദ്. ലക്ഷ്യം രണ്ട് വർഷത്തിനുള്ളിൽ പബ്ലിക് ഇഷ്യുവിന് പോവുക എന്നതുതന്നെ. ആഗോളസ്ഥാപനം എന്ന നിലയ്ക്ക് സമി ലാബ്സ്. അതിന്റെ ആഗോളവിപണന കേന്ദ്രം എന്ന നിലയ്ക്ക് സബിൻസ. രണ്ടും ഒന്നാവുമ്പോഴുള്ള ശക്തി തന്നെയാണ് ഡോ. മജീദിന്റെ ലക്ഷ്യം. 385 പേറ്റന്റുകളുടെ കരുത്ത് ഒരു വശത്ത്. ഗവേഷണകേന്ദ്രങ്ങളിൽ രൂപമെടുത്തുകൊണ്ടിരിക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും പിന്നാലെ. മുന്നൂറിലേറെ പേറ്റന്റുകളാണ് അണിയറയിൽ ഒരുങ്ങുന്നത്. 120 ലേറെ മികവുറ്റ ശാസ്ത്രജ്ഞരാണ് ന്യൂജഴ്സിയിലും ബെംഗളൂരുവിലുമായി സമി-സബിൻസ് ഗ്രൂപ്പിനുള്ളത്.

ബൗദ്ധികാവകാശം തന്നെയായിരുന്നു എക്കാലത്തും ഡോ. മജീദിന് ബലം നൽകിയത്. തോട്ടപ്പുളി, മഞ്ഞൾ തുടങ്ങി അശ്വഗന്ധ വരെ എത്രയെത്ര ഇന്ത്യൻ പേരുകൾ. ഇവയുടെയൊക്കെ ഉള്ളിന്റെ ഉള്ളിലെ തന്മാത്രയായിരുന്നു ഡോ. മജീദിന്റെ ലക്ഷ്യം. അതിന് ആരും കണ്ടിട്ടില്ലാത്ത, സംസാരിച്ചിട്ടില്ലാത്ത ശാസ്ത്രവഴിയും തേടി അദ്ദേഹം. പഠനങ്ങളും ഗവേഷണങ്ങളുമെല്ലാം ഓരോരോ പേറ്റന്റുകളിലേക്കൊതുക്കി. പേറ്റന്റുകളില്ലാതെയും ധാരാളം ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി സമി - സബിൻസ ജൈത്രയാത്ര തുടരുകയാണ്. ■

# വിപുലീകരണത്തിന്റെ വഴിയേ പേറ്റന്റുകളുടെ രാജശിൽപ്പി!



സങ്കീർണമായ കാര്യങ്ങൾ ചെയ്ത് വിജയിപ്പിക്കുന്നതിലായിരുന്നു ഡോ. മുഹമ്മദ് മജീദ് എന്നും സംതൃപ്തി കണ്ടെത്തിയിരുന്നത്. സെലിനിയം എന്ന ലോഹവസ്തുവിൽ നടത്തിയ പഠനങ്ങൾ തന്നെ ഉദാഹരണം. മനുഷ്യ ശരീരത്തിനാവശ്യമായ ധാരാളം സൂക്ഷ്മ വസ്തുക്കൾ സെലിനിയത്തിലുണ്ട്. പക്ഷേ, അത് ശരീരത്തിൽ ലയിക്കുന്ന വിധത്തിലാക്കണം. അത് പൊതുവെ അറിയാവുന്ന കാര്യം തന്നെയാണ്. അതുകൊണ്ട് ഇവിടെ പേറ്റന്റ് ബാധകമല്ല. പക്ഷേ, സെലിനിയത്തെ വെള്ളത്തിൽ ലയിക്കുന്ന രീതിയിലാക്കി മാറ്റുക അത്ര എളുപ്പമല്ല. സെലിനിയം എന്ന ലോഹവസ്തു അമിനോ ആസിഡിൽ ലയിപ്പിച്ചെടുക്കുകയായിരുന്നു ആദ്യം ചെയ്തത്. സെലിനോ അമിനോ ആസിഡ് എന്ന പേര്. അതിൽനിന്ന് സെലിനിയം സെലക്ട് എന്ന ഉൽപ്പന്നം. അതിസങ്കീർണമായ ഗവേഷണങ്ങളിലൂടെ ഡോ. മജീദ് ലക്ഷ്യം നേടി. 1993-94 ഘട്ടത്തിൽ കിലോഗ്രാമിന് 10,000 ഡോളറായിരുന്നു സെലിനിയം സെലക്ടിന് വില. സെലിനിയം സംബന്ധിച്ച പഠനങ്ങൾക്ക് ഇന്ത്യാ ഗവൺമെന്റ് രാജ്യത്തിന്റെ ഉപഹാരം നൽകി ഡോ. മുഹമ്മദ് മജീദിനെ ആദരിച്ചു.

സിട്രിൻ എന്ന ഉൽപ്പന്നത്തിന്റെ പേരിൽ അമേരിക്കയിൽ കിട്ടിയ തോമസ് ആൽവാ എഡിസൻ പേറ്റന്റ് അവാർഡ് മുതൽ ഡോ. മജീദിനെ തേടിവന്ന ബഹുമതികൾ എത്രയെത്ര. ഇന്ന് ഗ്രൂപ്പ് ന്യൂട്രാസ്യൂട്ടിക്കൽ മേഖലയിൽ ലോകമെമ്പാടും വളർന്നു. ഒപ്പം കോസ്മസ്യൂട്ടിക്കൽ മേഖലയിലും. ലോകവിപണിയിൽ കരുത്തുറപ്പിക്കാൻ ബെംഗളൂരുവിലും ഹൈദരാബാദിലും കൂടുതൽ ഉൽപ്പാദന കേന്ദ്രങ്ങൾ തുറക്കുകയാണ് സമി-സബിൻസ ഗ്രൂപ്പ്.

കർണാടകയിലെ ഹാസനിൽ 300 കോടിയോളം രൂപ ചെലവിൽ പുതിയൊരു ഫാക്ടറി സ്ഥാപിക്കുകയാണ് ഇപ്പോൾ. ഇനി ഇതാകും സമി-സബിൻസ ഗ്രൂപ്പിന്റെ ഏറ്റവും വലിയ ഉൽപ്പാദന കേന്ദ്രം. ഹാസനിൽ തന്നെ രണ്ടാമതൊരു കേന്ദ്രത്തിന്റെയും നിർമാണം തുടങ്ങിയിട്ടുണ്ട്. ഹൈദരാബാദിലെ ജീനോം വാലിയിൽ നേരത്തെ തന്നെ ഒരു ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഓഹരി വിപണിയിലിറങ്ങുമ്പോൾ ഇതൊക്കെയാവും മുന്നിൽവെക്കുക.